| 10-01-2024 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - അല്ലാഹുവും സമ്പത്തും, അച്ഛന്റേയും ആസ്തിയുടേയും ഓർമ്മയുണ്ടെങ്കിൽ സന്തോഷത്തിന്റെ രസം ഉയരും, ഇത് വളരെ സഹജമായതും ഒരു സെക്കന്റിന്റെ കാര്യവുമാണ്.**

**ചോദ്യം:-** പരിധിയില്ലാത്ത സന്തോഷം ഏത് കുട്ടികൾക്കാണ് ഉണ്ടാവുക? സദാ സന്തോഷത്തിന്റെ രസം ഉയരുന്നതിനുള്ള സാധന എന്താണ്?
**ഉത്തരം:-** ഏത് കുട്ടികളാണോ അശരീരിയാകുന്നതിനുള്ള ആഭ്യാസം ചെയ്യുന്നത്, ബാബ കേൾപ്പിക്കുന്നത് എന്താണോ അതിനെ നല്ലരീതിയിൽ ധാരണചെയ്ത് മറ്റുള്ളവരെക്കൊണ്ട് ധാരണ ചെയ്യിപ്പിക്കുന്നത്, അവർക്കുതന്നെയാണ് പരിധിയില്ലാത്ത സന്തോഷമുണ്ടാകുന്നത്. സദാ സന്തോഷത്തിന്റെ അതിര് കടക്കുന്നതിന് അവിനാശിയായ ജ്ഞാനരത്നങ്ങളെ ദാനം ചെയ്തുകൊണ്ടിരിക്കൂ. വളരെ അധികം പേരുടെ മംഗളം ചെയ്യൂ. സദാ സ്മൃതിയിലുണ്ടായിരിക്കണം നമ്മൾ ഇപ്പോൾ സുഖത്തിന്റേയും ശാന്തിയുടേയും കൊടുമുടിയിലേയ്ക്ക് പോവുകയാണ് എങ്കിൽ സന്തോഷം ഉണ്ടായിരിക്കും.

**ഓം ശാന്തി.** ബാപ്ദാദയുടെ ചിന്തിയിതാണ് കുട്ടികൾ ആരുടെ ഓർമ്മയിലാണ് ഇരിക്കുന്നത്? ഇത് കുട്ടികളെക്കൊണ്ട് ഒരു സെക്കന്റിൽ  എഴുതിവാങ്ങിക്കണം. ഇത് എഴുതുന്നതിന് ഒട്ടും സമയമെടുക്കില്ല. സർവ്വരും ഒരു സെക്കന്റിൽ എഴുതി ബാബയ്ക്ക് കാണിച്ചുതരണം. (എല്ലാവരും എഴുതി ബാപ്ദാദയെ കാണിച്ചു പിന്നീട് ബാബയും എഴുതി. ബാബ എന്താണോ എഴുതിയത് അതുപോലെ മറ്റാരും എഴുതിയിരുന്നില്ല) ബാബ എഴുതി അല്ലാഹുവും സമ്പത്തും, എത്ര സഹജമാണ്. അല്ലാഹു അർത്ഥം ബാബ, സമ്പത്ത് അർത്ഥം ചക്രവർത്തീ പദവി. ബാബ പഠിപ്പിക്കുന്നു പിന്നീട് നിങ്ങൾ രാജ്യം പ്രാപ്തമാക്കുന്നു. ബാക്കി കൂടുതലായി ഒന്നും എഴുതേണ്ട ആവശ്യമില്ല. നിങ്ങൾ എഴുതാൻ രണ്ടു മിനിറ്റോളം എടുത്തു. അല്ലാഹുവും സമ്പത്തും സെക്കന്റിന്റെ കാര്യമാണ്. സന്യാസി കേവലം അല്ലാഹുവിനെ ഓർമ്മിക്കുന്നു. നിങ്ങൾക്ക് രാജധാനിയും ഓർമ്മയുണ്ട്. ഓർമ്മിക്കുന്നത് ശീലമായിരിക്കുന്നു. ഇത് ബുദ്ധിയിലുണ്ടെങ്കിൽ സന്തോഷത്തിന്റെ രസം ഉയരും. അല്ലാഹു എന്നതിന്റെ അർത്ഥം എത്ര ഉയരമുള്ള കൊടുമുടിയാണ്. അതിനും മുകളിലായി മറ്റൊരു വസ്തുവുമില്ല. വസിക്കുന്ന സ്ഥാനവും ഉയർന്നതിലും ഉയർന്നതാണ്. സെക്കന്റിൽ മുക്തിയും ജീവന്മുക്തിയും എന്നതിന്റെ അർത്ഥവും ആരും അറിയുന്നില്ല. തീർച്ചയായും അതിനും അർത്ഥമുണ്ടാകും. കുട്ടി ജനിച്ചാൽ ഉടനെ എഴുതും ഇന്ന സമയത്ത് ഇത്ര മണിക്ക് ഇത്ര മിനിറ്റുള്ളപ്പോൾ ജനിച്ചു. ടിക്ക് ടിക്ക് എന്ന് നടന്നുകൊണ്ടേയിരിക്കും. ടിക്ക് എന്ന സമയം മതി അല്ലാഹുവും സമ്പത്തും, ഓർമ്മിക്കാൻ സെക്കന്റുപോലും എടുക്കുന്നില്ല. പറയേണ്ട ആവശ്യവുമില്ല. ഇതുതന്നെയാണ് ഓർമ്മ. നിങ്ങൾ കുട്ടികൾക്ക് ഇത്രയും നല്ല അവസ്ഥ ഉണ്ടായിരിക്കണം. പക്ഷേ എപ്പോഴാണോ ഓർമ്മയുണ്ടാകുന്നത് അപ്പോഴേ ആ അവസ്ഥയുണ്ടാകൂ. ഇവിടെ ഇരിക്കുമ്പോൾ കുട്ടികൾക്ക് അച്ഛന്റേയും രാജധാനിയുടേയും ഓർമ്മ ഉണ്ടായിരിക്കണം. ബുദ്ധികൊണ്ടാണ് കാണുന്നത്, ഇതിനെയാണ് ദിവ്യദൃഷ്ടി എന്നു പറയുന്നത്. ആത്മാവും കാണുന്നുണ്ട്. ആത്മാവുതന്നെയാണ് ബാബയെ ഓർമ്മിക്കുന്നുണ്ടാകുക. നിങ്ങളും ബാബയെ ഓർമ്മിക്കൂ എങ്കിൽ മുഴുവൻ രാജധാനിയും ഓർമ്മവരും. എത്ര സമയം എടുക്കുന്നുണ്ട്. ഇവിടെയും ഓർമ്മയിൽ ഇരിക്കുകയാണെങ്കിൽ ഗദ്ഗദം വരും. ബാബയും ഈ സന്തോഷത്തിൽ ഇരിക്കുകയാണ്. ബാബയ്ക്ക് ഇവിടെയുള്ള ഒരു കാര്യവും ഓർമ്മയിലില്ല. ബാബ അവിടെയുള്ള കാര്യങ്ങളാണ് ഓർമ്മിക്കുന്നത്. ബാബയും രാജധാനിയും ഭൂമിയിൽ നിൽക്കുന്നതുപോലെ. ബാബ പറയുകയാണ് ഞാൻ നിങ്ങൾ കുട്ടികൾക്കായി രാജധാനി കൊണ്ടുവന്നിട്ടുണ്ട്. നിങ്ങൾ ഓർമ്മിക്കുന്നില്ല അതുകൊണ്ടാണ് സന്തോഷം നിലനിൽക്കാത്തത്. നിങ്ങൾ ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും സ്വയം ആത്മാവാണെന്നു മനസ്സിലാക്കി അച്ഛനേയും സമ്പത്തിനേയും ഓർമ്മിക്കൂ. നിങ്ങൾ വസിക്കുന്നത് എത്ര ശ്രേഷ്ഠമായ സ്ഥാനത്താണ്. ലോകത്തിന് ഇത് അറിയുമോ. മനുഷ്യർ മുക്തിയിലേയ്ക്ക് പോകുന്നതിനുവേണ്ടി എത്ര തലയിട്ടുടയ്ക്കുന്നു. ഇപ്പോൾ മുക്തിധാമം എവിടെയാണ്? നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ആത്മാവ് റോക്കറ്റാണ്. അവർ ചന്ദ്രനിലേയ്ക്കുവരെ പോകുന്നുണ്ട് അതിനുശേഷമാണ് പോളാർ. നിങ്ങൾ പോളാറിനും മുകളിലേയ്ക്ക് പോകുന്നു. ചന്ദ്രന്റെ നിലാവ് ഈ ലോകത്തിലേതാണ്. സൂര്യ ചന്ദ്രന്മാർക്കും മുകളിൽ, ശബ്ദത്തിനും ഉപരി എന്നു പറയാറുണ്ട്. ഈ ശരീരത്തെ ഉപേക്ഷിക്കണം. നിങ്ങൾ വരുന്നത് മധുരമായ ശാന്തി നിറഞ്ഞ വീട്ടിൽ നിന്നാണ്. വരുന്നതിനും പോകുന്നതിനും സമയമെടുക്കില്ല. നമ്മുടെ വീടാണ്. ഇവിടെയാണെങ്കിൽ എവിടേയ്ക്ക് പോകണമെങ്കിലും സമയമെടുക്കുന്നു. ആത്മാവ് ശരീരം ഉപേക്ഷിച്ചാൽ സെക്കന്റിൽ എവിടെ നിന്ന് എവിടെയെത്തുന്നു. ഒരു ശരീരം ഉപേക്ഷിച്ച് അടുത്തതിൽ ചെന്ന് പ്രവേശിക്കുന്നു. അതിനാൽ സ്വയം ആത്മാവാണെന്നു മനസ്സിലാക്കണം. നിങ്ങൾ വളരെ ഉയരമുള്ള കൊടുമുടിലേയ്ക്ക് പോവു

കയാണ്. മനുഷ്യർ ശാന്തി ആഗ്രഹിക്കുന്നുണ്ട്. ശാന്തിയുടെ ഏറ്റവും ഉയരമുള്ള കൊടുമുടിയാണ് നിരാകാരീ ലോകം പിന്നീട് സുഖത്തിന്റേയും ഉയരമുള്ള കൊടുമുടിയുണ്ട് അതാണ് സ്വർഗ്ഗം. ഉയർന്നതിലും ഉയർന്നതിനേയാണ് ഗോപുരം എന്നു പറയുന്നത്. നിങ്ങളുടെ വീടും എത്ര ഉയർന്നതാണ്. ലോകത്തിലുള്ളവർക്ക് ഒരിയ്ക്കലും ഇതിനെക്കുറിച്ച് ചിന്തിക്കാൻ പോലും സാധിക്കില്ല. അവർക്ക് ഇതെല്ലാം മനസ്സിലാക്കിക്കൊടുക്കാൻ ആരുമില്ല. അതിനെയാണ് ശാന്തിയുടെ ഗോപുരം എന്നു പറയുന്നത്. മനുഷ്യർ കേവലം പറഞ്ഞുകൊണ്ടിരിക്കുന്നു വിശ്വത്തിൽ ശാന്തിയുണ്ടാകണം. പക്ഷേ  ശാന്തി എവിടെയാണുള്ളത് ഇതിന്റെ അർത്ഥം അറിയില്ല. ഈ ലക്ഷ്മീ നാരായണന്മാർ സുഖത്തിന്റെ ഗോപുരത്തിലാണ് അവിടെ ലോപമോ അത്യാഗ്രഹമോ ഇല്ല. അവിടെ കഴിക്കുന്നതും കുടിക്കുന്നതും സംസാരിക്കുന്നതും എല്ലാം വളരെ രാജകീയമായിരിക്കും അതുപോലെ സുഖവും വളരെ അധികമാണ്. അവർക്ക് എത്ര മഹിമയാണെന്നു നോക്കൂ എന്തുകൊണ്ടെന്നാൽ അവർ അത്രയ്ക്ക് പരിശ്രമിച്ചിട്ടുണ്ട്. ഇവിടെ ഒരാളല്ല, മുഴുവൻ മാലയും ഉണ്ടാവുകയാണ്. വാസ്തവത്തിൽ 9 രത്നങ്ങൾ എന്ന് പാടിയിട്ടുണ്ട്. തീർച്ചയായും അവർ ഗുപ്തമായി പരിശ്രമിച്ചിട്ടുണ്ടാകും. അച്ഛനേയും സമ്പത്തിനേയും ഓർമ്മയുണ്ടാകണം അപ്പോഴേ വികർമ്മം വിനാശമാകൂ. എന്നാൽ മായ ഓർമ്മിക്കാൻ അനുവധിക്കുന്നില്ല. ചിലപ്പോൾ കാമം, ചിലപ്പോൾ ക്രോധം.... വളരെ അധികം കൊടുങ്കാറ്റുകളിലേയ്ക്ക് കൊണ്ടുവരുന്നു. തന്റെ നാഡി പരിശോധിക്കണം. നാരദനോടും മുഖം നോക്കാൻ പറഞ്ഞിരുന്നു. അതായത് ആ അവസ്ഥ ഇപ്പോൾ വന്നിട്ടില്ല, ഉണ്ടാക്കണം. ബാബ ലക്ഷ്യം തീർച്ചയായും നൽകും. ഉള്ളിൽ പുരുഷാർത്ഥം ചെയ്തുകൊണ്ടിരുക്കൂ. മുന്നോട്ടുപോകവേ ആ അവസ്ഥ നിങ്ങളുടേതാകും. അശരീരിയായിരിക്കുന്നതിനുള്ള അഭ്യാസം ചെയ്യണം. ഇപ്പോൾ തിരിച്ച് പോകണം. ബാബ പറഞ്ഞിട്ടുണ്ട് എന്നെ ഓർമ്മിക്കൂ. ഓർമ്മിക്കുന്നില്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടതായും വരും പദവിയും കുറഞ്ഞുപോകും. ഇത് വളരെ സൂക്ഷ്മമായ കാര്യമാണ്. ലോകർ എത്രത്തോളം സയൻസിൽ മുഴുകുന്നു. എന്തെല്ലാമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ആ സംസ്ക്കാരവും വേണമല്ലോ, അവർ അവിടെ ച്ചെന്ന് ഈ സാധനങ്ങൾ ഉണ്ടാക്കും. കേവലം ഈ ലോകത്തിന് മാറ്റം വരണം. ഇവിടെയുള്ള സംസ്ക്കാരത്തിന്റെ ആധാരത്തിൽ തന്നെയാണ് ചെന്ന് ജന്മമെടുക്കുക.  യുദ്ധം ചെയ്യുന്നവരുടെ ബുദ്ധിയിൽ യുദ്ധത്തിന്റെ സംസ്ക്കാരമുണ്ടാകും, അവർ ആ സംസ്ക്കാരവും കൊണ്ടാണ് പോകുന്നത്. യുദ്ധം ചെയ്യാതിരിക്കാനേ സാധിക്കില്ല. ഉദ്ധ്യോഗസ്ഥരുടെ മുന്നിൽ നീണ്ട വരിയായിരിക്കും. സേനയിൽ ചേരുന്ന സമയത്ത് എന്തെങ്കിലും അസുഖമൊന്നുമില്ലല്ലോ എന്ന് പരിശോധിക്കും. കണ്ണ്, കാത് എല്ലാം ശരിയാകണം. യുദ്ധം ചെയ്യാൻ എല്ലാം ശരിയായിരിക്കണം. ഇവിടെയും നോക്കുകയാണ് ആര് ആരെല്ലാമാണ് വിജയമാലയിലെ മണിയാവുക. നിങ്ങൾക്ക് പുരുഷാർത്ഥം ചെയ്ത് കർമ്മാതീത അവസ്ഥയെ നേടണം. ആത്മാവ് അശരീരിയായാണ് വന്നത്, അശരീരിയായിത്തന്നെ തിരികെപ്പോകണം. അവിടെ ശരീരവുമായി ഒരു സംബന്ധവുമില്ല. ഇപ്പോൾ അശരീരിയാകണം. ആത്മാക്കൾ അവിടെ നിന്നാണ് വരുന്നത്, വന്ന് ശരീരത്തിൽ പ്രവേശിക്കുന്നു. വളരെ അധികം ആത്മാക്കൾ വന്നുകൊണ്ടേയിരിക്കും. എല്ലാവർക്കും സ്വന്തമായി പാർട്ട് ലഭിച്ചിട്ടുണ്ട്. പുതിയതായി വരുന്ന പവിത്രമായ ആത്മാക്കൾക്ക് ആദ്യം തീർച്ചയായും സുഖം ലഭിക്കും അതിനാൽ അലരുടെ മഹിമ ഉണ്ടാകുന്നു. വളരെ വലിയ വൃക്ഷമല്ലേ. വലിയ ആളുകൾ എത്ര പ്രശസ്തമാണ്. തന്റെ ശക്തിയ്ക്ക് അനുസരിച്ച് സുഖത്തിലായിരിക്കും. അതിനാൽ ഇപ്പോൾ കുട്ടികൾക്ക് പരിശ്രമിക്കണം, കർമ്മാതീത അവസ്ഥയിൽ പവിത്രമായി തിരിച്ച് പോകണം. ഞാൻ ആർക്കും ദുഃഖം നൽകുന്നില്ലല്ലോ എന്ന് തന്റെ പെരുമാറ്റത്തെ നോക്കണം! ബാബ എത്ര മധുരമാണ്. അതി സ്നേഹിയല്ലേ. അതിനാൽ കുട്ടികൾക്കും ഇതുപോലെയാവണം. ഇത് നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ ഇവിടെയുണ്ട്. പക്ഷേ മനുഷ്യർക്ക് അറിയുമോ ബാബ ഇവിടെ സ്ഥാപന ചെയ്യുകയാണെന്ന് എന്നിട്ടും ജന്മ ജന്മാന്തരങ്ങൾ ഓർമ്മിച്ചുകൊണ്ടിരിക്കുന്നു. ശിവക്ഷേത്രങ്ങളിൽ ചെന്ന് എത്ര പൂജ ചെയ്യുന്നു. വളരെ ഉയരമുള്ള കൊടുമുടിയിലുള്ള ഭദ്രീനാഥ് പോലുള്ള ക്ഷേത്രങ്ങളിലേയ്ക്കും പോകുന്നു. എത്രയധികം ഉത്സവങ്ങൾ ആഘോഷിക്കുന്നു കാരണം അത്രയ്ക്കും മധുരമല്ലേ. ഉയർന്നതിലും ഉയർന്ന ഭഗവാൻ എന്ന് പാടുന്നുമുണ്ട്. ബുദ്ധിയിൽ നിരാകാരനെത്തന്നെയാണ് ഓർമ്മ വരിക. നിരാകാരൻ തന്നെയാണ്. പിന്നീടാണ് ബ്രഹ്മാ–വിഷ്ണു–ശങ്കരന്മാർ. അവരെ ഭഗവാൻ എന്നു വിളിക്കില്ല.

ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട് നമ്മൾ തന്നെയായിരുന്നു സതോപ്രധാന ദേവതകൾ, നമ്മൾ എപ്പോഴാണോ വിശ്വത്തിന്റെ അധികാരിയായിരുന്നത് അപ്പോൾ ഇത്രയുമധികം മനുഷ്യർ ഉണ്ടായിരുന്നില്ല. ഭാരതത്തിൽ തന്നെയാണ് നമ്മുടെ രാജ്യം ഉണ്ടായിരുന്നത്. ബാക്കി എല്ലാവരും ശാന്തീധാമത്തിലേയ്ക്ക് പോകും. ഇതെല്ലാം നിങ്ങൾ കണ്ടുകൊണ്ടിരിക്കും, ഇതിന് വളരെ വിശാലബുദ്ധിവേണം. അവിടെ നിങ്ങൾക്ക് മല കയറേണ്ട ആവശ്യമില്ല. അവിടെ ഒരു അപകടവും സംഭവിക്കില്ല. അത് സ്വർഗ്ഗലോകമാണ്. എപ്പോൾ സ്വർഗ്ഗലോകമല്ലയോ അപ്പോൾ ഈ ലോകം മായാലോകമാകുന്നു. ഈ കാര്യങ്ങൾ ലോകർക്ക് മനസ്സിലാക്കാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ സ്വർഗ്ഗത്തിലേയ്ക്ക് പോകുന്നതിനുള്ള

പുരുഷാർത്ഥം ചെയ്യുകയാണ്. അത് സുഖത്തിന്റെ ഗോപുരമാണ്. ഇതാണ് ദുഃഖത്തിന്റെ ഗോപുരം. യുദ്ധത്തിൽ ദിവസവും എത്ര മനുഷ്യരാണ് മരിക്കുന്നത് അവർ വീണ്ടും ജന്മമെടുക്കുന്നുമുണ്ടാകും. ഈശ്വരന്റെ അറ്റം കണ്ടെത്താൻ സാധിക്കില്ല എന്നു പാടാറുണ്ട്. ഇപ്പോൾ ഈശ്വരൻ ബിന്ദുവാണ്, അതിന്റെ അറ്റം എങ്ങനെ കാണ്ടുപിടിക്കും. ബാബ പറയുന്നു ഈ രചനയുടെ ആദി മദ്ധ്യ അന്ത്യത്തെ ആർക്കും അറിയില്ല. സാധു സന്യാസിമാർക്കുപോലും രചയിതാവിന്റേയും രചനയുടേയും അറ്റം കണ്ടെത്താൻ സാധിക്കില്ല. നിങ്ങളെ അച്ഛൻ പഠിപ്പിക്കുകയാണ്, ഇതിനെ പഠിപ്പ് എന്നാണ് പറയുന്നത്. സൃഷ്ടി ചക്രത്തിന്റെ രഹസ്യത്തെ നിങ്ങൾ കുട്ടികളാണ് അറിഞ്ഞുകൊണ്ടിരിക്കുന്നത്. അവർ പറയും ഞങ്ങൾക്ക് അറിയില്ല അല്ലെങ്കിൽ പിന്നെ ലക്ഷക്കണക്കിന് വർഷങ്ങളുണ്ടെന്ന് പറയുന്നു.

ഇപ്പോൾ ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഇവിടെ എന്തെല്ലാം നിങ്ങൾ കാണുന്നുണ്ടോ–അതൊന്നും അവിടെയുണ്ടാകില്ല. സ്വർഗ്ഗമാണ് സുഖത്തിന്റെ ഗോപുരം. ഇവിടെയാണെങ്കിൽ ദുഃഖം തന്നെ ദുഃഖമാണ്. മരണം ഇത്രയും പെട്ടെന്നായിരിക്കും വരുക അതിൽ എല്ലാവരും അവസാനിക്കും. മരണത്തെ കാണുക എന്നത് അമ്മായിയുടെ വീടുപോലെയല്ല, ഇതിനെ ദുഃഖത്തിന്റെ കൊടുമുടി എന്നാണ് പറയുന്നത്. അതാണ് സുഖത്തിന്റെ കൊടുമുടി. കഴിഞ്ഞു ഇനി മൂന്നാമത് ഒരു വാക്കില്ല. നിങ്ങളിലും വളരെപേർ ഇങ്ങനെയുണ്ട് അവർ കേൾക്കും പക്ഷേ ധാരണയുണ്ടാകുന്നില്ല. ബുദ്ധി സ്വർണ്ണിമയുഗത്തിലേതാകുമ്പോഴേ ധാരണയുണ്ടാകൂ. ധാരണയുണ്ടാകുന്നില്ലെങ്കിൽ സന്തോഷമുണ്ടാകില്ല. ഏറ്റവും നന്നായി പഠിക്കുന്നവരുമുണ്ട് വളരെ കുറച്ച് പഠിക്കുന്നവരുമുണ്ട്. പഠിക്കുന്നതിൽ വ്യത്യാസമുണ്ടല്ലോ. അവർക്ക് പരിധിയില്ലാത്ത അച്ഛൻ എത്രതന്നെ മനസ്സിലാക്കിക്കൊടുത്താലും ഒരിയ്ക്കലും മനസ്സിലാക്കില്ല. ഓർമ്മയില്ലാതെ നിങ്ങൾക്ക് ഒരിയ്ക്കലും പവിത്രമാകാൻ സാധിക്കില്ല. ബാബയാണ് കാന്തം. ബാബ ഏറ്റവും ശക്തിയുള്ളയാളാണ്. ബാബയിൽ ഒരിയ്ക്കലും അഴുക്ക് പിടിക്കില്ല, ബാക്കി എല്ലാവരിലും അഴുക്ക് പിടിച്ചിരിക്കുകയാണ്, അതിനെ കളഞ്ഞ് പിന്നീട് സതോപ്രധാനമായിമാറണം. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ ബാക്കി ആരിലും മമത്വം വെയ്ക്കരുത്. ധനവാന്മാർക്ക് മുഴുവൻ ദിവസവും ധനത്തിലും സമ്പത്തിലുമായിരിക്കും ശ്രദ്ധ. ദരിദ്രരുടെ കൈയ്യിൽ ഒന്നുമില്ല പക്ഷേ ദരിദ്രരാണെങ്കിലും കാര്യങ്ങൾ ധാരണ ചെയ്യുന്നതിന് വിവേകശാലിയായിരിക്കണം. ഓർമ്മയില്ലാതെ അഴുക്ക് എങ്ങനെ ഇല്ലാതാകും. നമ്മൾ എങ്ങനെ പവിത്രമായി മാറും. നിങ്ങൾ ഇവിടേയ്ക്ക് വന്നിരിക്കുന്നത് ഉയർന്ന കൊടുമുടിയിലേയ്ക്ക് പോകുന്നതിന് വേണ്ടിയാണ്. അറിയാം ബാബയുടെ ശിക്ഷണം അനുസരിച്ച് നടക്കുകയാണെങ്കിൽ സുഖത്തിന്റെ ഉയർന്ന കൊടുമുടിയിലെത്താം. ഇതിൽ പരിശ്രമമുണ്ട്. ബാബ വരുന്നത് ഗോപുരത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനാണ്. അതിനാൽ ശ്രീമതം അനുസരിച്ച് നടക്കണം. മഹിമ പാടുന്നതിൽ ആദ്യത്തെ നമ്പർ ഈ ലക്ഷ്മീ നാരായണന്മാരുടേതാണ്. അവർ പൂർണ്ണമായും ഗോപുരത്തിലായിരിക്കും. അതിനുശേഷമുള്ളതിൽ കുറച്ച് എന്തെങ്കിലും കുറവുണ്ടാകും. പുതിയ ലോകത്തെത്തന്നെയാണ് സുഖത്തിന്റെ ഗോപുരം എന്നു പറയുന്നത്. അവിടെ അഴുക്കുള്ള ഒരു വസ്തുവും ഉണ്ടാകില്ല. ഇങ്ങനെയുള്ള മണ്ണായിരിക്കില്ല, വീടിനെപ്പോലും തകർക്കുന്ന രീതിയിലുള്ള കാറ്റും അവിടെ വീശില്ല. സ്വർഗ്ഗത്തിന് വളരെ അധികം മഹിമയുണ്ട്. അതിനുവേണ്ടി പുരുഷാർത്ഥം ചെയ്യണം. ലക്ഷ്മീ നാരായണന്മാർ എത്ര ശ്രേഷ്ഠമാണ്, അവരെ കാണുമ്പോൾ തന്നെ മനസ്സ് സന്തോഷിക്കും. മുന്നോട്ട് പോകുന്തോറും വളരെ അധികം സാക്ഷാത്ക്കാരങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. ആരംഭത്തിൽ എത്ര സാക്ഷാത്ക്കാരമുണ്ടാകുമായിരുന്നു. ബാബ എത്ര അത്ഭുതങ്ങൾ കാണിച്ചിരുന്നു. കിരീടം മുതലായവ അണിഞ്ഞുകൊണ്ട് വരുമായിരുന്നു. ആ വസ്തുക്കൾ ഇവിടെ ലഭിക്കില്ല. ബാബ വജ്രവ്യാപാരിയാണ്. മുമ്പ് 50 ആയിരം രൂപയ്ക്ക് ലഭിച്ചിരുന്ന വജ്രം ഇപ്പോൾ 50 ലക്ഷം രൂപകൊടുത്താലും കിട്ടില്ല. നിങ്ങൾ സ്വർഗ്ഗത്തിലേയ്ക്ക് പോകാൻ പുരുഷാർത്ഥം ചെയ്യുകയാണ്. അവിടെ അളവില്ലാത്ത സുഖമുണ്ട്. ബാബ എത്ര പഠിപ്പിക്കുന്നു പക്ഷേ എന്നിട്ടും കുട്ടികളിൽ രാത്രിയുടേയും പകലിന്റേയും വ്യത്യാസം ഇപ്പോഴുമുണ്ട്. രാജാവും റാണിയും എവിടെയാണ് ദാസ ദാസി എവിടെയാണ്. ആരാണോ നല്ല രീതിയിൽ പഠിക്കുന്നത് പഠിപ്പിക്കുന്നത് അവർക്ക് ഒളിഞ്ഞിരിക്കാൻ സാധിക്കില്ല. പെട്ടെന്ന് തന്നെ പറയും ബാബാ ഞങ്ങൾ ഇന്ന സ്ഥലത്തുപോയി സേവനം ചെയ്യട്ടേ. സേവനം ഒരുപാടുണ്ട്. നിങ്ങൾക്ക് ഈ കാടിനെ ക്ഷേത്രമാക്കി മാറ്റണം. ചപ്പാത്തി കഴിച്ചോ കഴിച്ചില്ലയോ സേവനത്തിനായി ഓടണം. കച്ചവടക്കാർ അങ്ങനെയാണ്. നല്ല ഉപഭോക്താക്കൾ വന്നാൽ ഭക്ഷണം കഴിച്ചോ ഇല്ലയോ ഓടും. ധനം സമ്പാദിക്കുന്നതിൽ ലഹരിയുണ്ടാകും. ഇവിടെയാണെങ്കിൽ പരിധിയില്ലാത്ത അച്ഛനിൽ നിന്നും അളവറ്റ ധനമാണ് ലഭിക്കുന്നത്. തീർച്ചയായും കുറച്ച് സമയമുണ്ട് പക്ഷേ നാളെ ശരീരം വിട്ടാലോ, ഒരു ഉറപ്പുമില്ല. വിനാശമുണ്ടാവുകതന്നെവേണം. നിങ്ങളുടെ കാര്യത്തിൽ മൃഗത്തിന് പ്രാണവേദന വേട്ടക്കാരന് ആനന്ദം എന്നതാണ്. നിങ്ങളുടെ സന്തോഷത്തിന് അളവുണ്ടാകില്ല. നിങ്ങൾക്ക് അളവില്ലാത്ത സന്തോഷം ഉണ്ടായിരിക്കണം. നിങ്ങൾ വളരെയധികം പേരുടെ മംഗളം ചെയ്യണം. അന്ത്യത്തിൽ കർമ്മാതീത അവസ്ഥയിലെത്തണം. നിങ്ങൾ ഓർമ്മിച്ച് ഓർമ്മിച്ച് അശരീരിയായിത്തീരും അപ്പോൾ അനായാസമായി പറ

ക്കാൻ സാധിക്കും. ഇത് വളരെ പരിശ്രമമുള്ള കാര്യമാണ്. ചിലർ വളരെ നന്നായി സേവനം ചെയ്യുന്നുണ്ട്. മുഴുവൻ ദിവസവും മ്യൂസിയത്തിൽ മനസ്സിലാക്കിക്കൊടുത്തുകൊണ്ടിരിക്കുന്നു. രാത്രിയും പകലും സേവനത്തിൽ തല്പരരാണ്. ആയിരക്കണക്കിന് മ്യൂസിയങ്ങൾ തുറക്കും. ലക്ഷക്കണക്കിന് ആളുകൾ നിങ്ങളുടെ അടുക്കലേയ്ക്ക് വരും, നിങ്ങൾക്ക് സമയമേ ഉണ്ടാകില്ല. ഈ അവിനാശീ ജ്ഞാനരത്നങ്ങളുടെ അഥവാ നിങ്ങളുടെ കടകളായിരിക്കും ഏറ്റവും കൂടുതൽ ഉണ്ടാവുക. ശരി.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ജ്ഞാനത്തിന്റെ ധാരണ ചെയ്യുന്നതിനായി ആദ്യം തന്റെ ബുദ്ധിയെ സ്വർണ്ണിമയുഗത്തിന്റേതാക്കണം. ബാബയുടെ ഓർമ്മയിലല്ലാതെ മറ്റൊരു വസ്തുവിലും മമത്വം വയ്ക്കരുത്.

2) കർമ്മാതീത അവസ്ഥയെ പ്രാപ്തമാക്കി വീട്ടിലേയ്ക്ക് പോകുന്നതിനായി അശരീരിയാകുന്നതിനുള്ള അഭ്യാസം ചെയ്യൂ. ആർക്കും ഞാൻ ദുഃഖം നൽകു ന്നില്ലല്ലോ എന്ന് തന്റെ പെരുമാറ്റത്തെ പരിശോധിക്കണം. ബാബയ്ക്കു സമാനം മധുരമായി മാറണം.

## വരദാനം:- സഹനശക്തിയുടെ ധാരണയിലൂടെ സത്യതയെ സ്വന്തമാക്കുന്ന സദാ വിജയിയായി ഭവിക്കൂ

ലോകർ പറയുന്നു ഇന്നത്തെ കാലത്ത് സത്യമായ ആളുകൾക്ക് ജീവിക്കുന്നത് തന്നെ പ്രയാസമാണ്, കള്ളം പറയുക തന്നെ വേണ്ടി വരും, പല ബ്രാഹ്മണ ആത്മാക്കളും മനസ്സിലാക്കുന്നത് ചിലയിടങ്ങളിൽ സാമർത്ഥ്യത്തോടെ തന്നെ പോകണം, എന്നാൽ ബ്രഹ്മാ ബാബയെ കണ്ടു സത്യത അഥവാ പവിത്രതയ്ക്കായി എത്ര എതിർപ്പുകളുണ്ടായി എന്നിട്ടും ഭയന്നില്ല. സത്യതയ്ക്കായി സഹനശക്തിയുടെ ആവശ്യകതയുണ്ട്. സഹിക്കേണ്ടതായുണ്ട്, കുനിയേണ്ടതായുണ്ട്, തോൽവി അംഗീകരിക്കേണ്ടതായുണ്ട് എന്നാൽ അത് തോൽവിയല്ല, സദാ കാലത്തേക്കുള്ള വിജയമാണ്.

## സ്ലോഗൻ:- പ്രസന്നമായി കഴിയുക പ്രസന്നമാക്കുക - ഇതാണ് ആശീർവ്വാദങ്ങൾ നൽകുക ആശീർവ്വാദങ്ങൾ നേടുക.

**അവ്യക്ത സൈലൻസിലൂടെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവം ചെയ്യൂ**
എന്റേത് ഒരു ബാബ, എന്റേതെല്ലാം ഈ ഒന്നിൽ ലയിക്കണം. എവിടെ ആഗ്രഹിക്കുന്നോ, എങ്ങനെ ആഗ്രഹിക്കുന്നോ, എത്ര സമയം ആഗ്രഹിക്കുന്നോ അത്രയും സമയം മനസ്സ് ഏകാഗ്രമാകണം, ഇതിനെയാണ് പറയുന്നത് മനസ്സ് വശത്തിലെന്ന്. ഈ ഏകാഗ്രത അർത്ഥം ഏകരസ മധുരമായ ശാന്തിയുടെ സ്ഥിതിയിലൂടെ സഹജമായി തന്നെ ഡബിൾ ലൈറ്റ് ഫരിസ്താ സ്ഥിതിയുടെ അനുഭവമുണ്ടാകുന്നു.